# NSLPS VALOOR






# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025- 26





# എൻ. എസ്. എൽ. പി. എസ്

# വാളൂർ






# സ്കൂൾതല മാസ്റ്റർ പ്ലാൻ

# 2025-27

# സ്കൂൾ വിവരങ്ങൾ

സ്കൂൾ കോഡ് : 23530

സ്കൂളിന്റെ പേര് : എൻ. എസ്. എൽ. പി. എസ് വാളൂർ

മേൽവിലാസം : ചെറുവാളൂർ പി. ഒ

കൊരട്ടി തൃശ്ശൂർ

പിൻകോഡ് : 680308

email : nslpsvaloor@gmail.com

ഗ്രാമപഞ്ചായത്ത് : കാടുകുറ്റി

Ward : 13

ബ്ലോക്ക് : ചാലക്കുടി

സബ് ജില്ല : മാള

വിദ്യാഭ്യാസ ജില്ല : ഇരിങ്ങാലക്കുട

റവന്യൂ ജില്ലാ : തൃശ്ശൂർ

ക്ലാസുകൾ : 1- 4

മാനേജ്മെന്റ് : എയ്ഡഡ്

മാധ്യമം : മലയാളം

# ആമുഖം

ഗുണതയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിക്കും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ വർഷം പൊതു വിദ്യാലയങ്ങളിൽ സമ്പൂർണ്ണ ഗുണമേന്മ പദ്ധതി നടപ്പിലാക്കുന്നത്. പല കാരണങ്ങളാൽ കുട്ടികൾക്കിടയിൽ രൂപപ്പെട്ടു വരുന്ന ചില അസ്വസ്ഥതകൾ; സൈബർ കുറ്റകൃത്യങ്ങൾ, ഡിജിറ്റൽ അടിമത്വം, ലഹരി ഉപയോഗം, അക്രമ പരത എന്നിവയുടെ സ്വാധീനവും വ്യാപ്തിയും ആശങ്കാജനകമാണ്. ഇതിനെ പ്രതിരോധിക്കുന്നതിനായി കുട്ടികളെ സജ്ജമാക്കാൻ വിദ്യാലങ്ങൾക്ക് ക്രിയാത്മകമായി ഇടപെടാൻ സാധിക്കണം. ഈ ബോധ്യത്തിൽ നിന്നാണ് വാളൂർ നായർ സമാജം എൽ. പി. സ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# സ്കൂൾ ചരിത്രം

1928 ൽ വാളൂർ ഗ്രാമത്തിലോ സമീപപ്രദേശങ്ങളിലോ ഒരു വിദ്യാലയം ഇല്ലാതിരുന്ന സാഹചര്യത്തിൽ ചംക്രമത്ത് ശങ്കരമേനോൻ, ചംക്രമത്ത് നാരായണമേനോൻ എന്നീ മഹദ് വ്യക്തികളാണ് വിദ്യാലയം സ്ഥാപിതമാകുന്നതിനു വേണ്ടി പ്രവർത്തിച്ചത്. പ്രിപ്പറേറ്ററി വിദ്യാലയമായാണ് ഇതിൻറെ തുടക്കം. എറണാകുളം ജില്ലയുടെ വടക്കേ അറ്റത്തും തൃശ്ശൂർ ജില്ലയുടെ തെക്കേ അറ്റത്തുമുള്ള ഗ്രാമവാസികൾക്ക് പഠനത്തിന് ഏകാശ്രയമായിരുന്നു ഈ വിദ്യാലയം. ഏതാനും വർഷം മുമ്പ് അന്നത്തെ മാനേജരായിരുന്ന ഗോവിന്ദമേനോൻറെ നിര്യാണത്തെ തുടർന്ന് അദ്ദേഹത്തിൻറെ മകൻ ശശി ചംക്രമത്ത് മാനേജരായി ചുമതലയേറ്റു. എന്നും എക്കാലവും കാലാനുസൃതമായ മാറ്റങ്ങളോടെ കുട്ടികളെ അറിവിന്റെ ലോകത്തേക്ക് നയിക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

# വിദ്യാ ദദാതി വിനയം

'വിദ്യാ ദദാതി വിനയം'- അറിവ് നമ്മേ വിനയം ഉള്ളവനാക്കുന്നു. എന്ന ആപ്ത വാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളുടെ സർവ്വതോന്മുഖമായ വികാസമാണ് ഈ വിദ്യാലയത്തിന്റെ കാഴ്ചപ്പാട്. മാറിയ പാഠ്യപദ്ധതിയും സാമൂഹിക പരിസ്ഥിതിയും മുൻ നിർത്തി വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും മിടുക്കരാക്കി തീർക്കുന്നതിന് പുതിയ അധ്യയന വർഷത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. ഇതിനായി തയ്യാറാക്കിയ പ്രവർത്തന പദ്ധതിയാണ് ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# എൻ. എസ്. എൽ.  പി സ്കൂൾ ഇന്ന്

1 മുതൽ 4 വരെ ക്ലാസുകളിയായി എഴുപതോളം കുട്ടികളും. 4 അധ്യാപകരും അടങ്ങുന്നതാണ് എൽ. പി. വിഭാഗം. കൂടാതെ പി.ടി. എ ഫണ്ടഡ് പ്രീ പ്രൈമറിയും. പ്രവർത്തികുന്നു. അക്കാദമികവും അക്കാദമിക്കേതരവുമായി നിരവധി പ്രവർത്തനങ്ങൾ കഴ്ചവയ്ക്കാൻ ഇതിനോടകം തന്നെ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി സൗഹാർദപരമായ അന്തരീക്ഷമൊരുക്കി കുട്ടികളിൽ സാമൂഹ്യബോധം ഉണർത്താനുള്ള പ്രവർത്തനങ്ങളിലാണ് വിദ്യാലയം ഇന്ന്. മാറുന്ന കാലത്തിനനുസരിച്ച് വിദ്യാലയ പ്രവർത്തനങ്ങളെ ഉണർത്തുവാനും കൈത്താങ്ങാവുവാനും സദാ സന്നദ്ധരായ പി.ടി.എ. യും OSA യും മറ്റ് അഭ്യുതയകാംഷികളുമാണ് നമ്മുടെ ബലം.

പരിഷ്കരിച്ച പാഠ്യപദ്ധതിയും മാറിയ സാമൂഹ്യ പരിസ്ഥിതിയും ഉൾച്ചേർത്തുകൊണ്ട് എല്ലാ കുട്ടികൾക്കും ഗുണതയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

- പാഠ്യപദ്ധതി വിനിമയം

ഭാഷ

- 1 മുതൽ 4 വരെ ക്ലാസിലെ എല്ലാ കുട്ടികളുടെ എല്ലാ കുട്ടികൾക്കും നാലാം ക്ലാസ് പൂർത്തിയാകുമ്പോഴേക്കും അക്ഷരങ്ങൾ മുതൽ വാക്യങ്ങൾ വരെ തെറ്റുകൂടാതെ എഴുതാനും അക്ഷരസ്ഫുടത ഒഴുക്ക് ഭാവ വ്യതിയാനം എന്നിവയോടെ വായിക്കാനും കഴിയണം. എന്നാൽ കുട്ടികൾക്ക് അക്ഷരജ്ഞാനം ഉറച്ചിട്ടുണ്ടെങ്കിലും ലേഖന പ്രവർത്തനങ്ങളിൽ അക്ഷരത്തെറ്റുകൾ കൂടുന്നത് പ്രത്യേകം പരിഗണിക്കേണ്ടതാണ്. കൂടാതെ അക്ഷരസ്ഫുടത കുറയുന്നതും വായനശീലം കുറയുന്ന തുടങ്ങിയ പ്രശ്നങ്ങളെയും ഭാഷാ പഠനത്തിൽ സംഭവിച്ച വിടവായി കാണാം. ഇവ പരിഹരിക്കാൻ ഒരു പ്രവർത്തന പദ്ധതി ആസൂത്രണം ചെയ്താൽ മാത്രമേ ഭാഷാ പഠനം ഗുണമേന്മയുള്ളതാവുകയുള്ളൂ.

ഇംഗ്ലീഷ് പഠനം കേവലം പാഠപുസ്തക പഠനം പ്രക്രിയാ ബന്ധിതമായും പ്രവർത്തന ബന്ധിതമായും നടക്കുന്നുണ്ട്. എന്നാൽ ഇംഗ്ലീഷിൽ സംസാരിക്കുന്നതിന് പ്രയാസം നേരിടുന്നത്. ഇത് പരിഹരിക്കേണത് അത്യാവശ്യമാണ്.

ഗണിതം

1 മുതൽ 4 വരെ ക്ലാസിൽ ഗണിത ക്ലാസ് മുറിയിൽ പാഠപുസ്തക സംബന്ധിയായി ഗണിതാശങ്ങൾ ഉറപ്പിക്കുക എന്നതിലുപരി ഊഹിച്ചു പറയൽ, ഗണിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ അനായാസമായി നിർദ്ധാരണം ചെയ്യൽ തുടങ്ങിയ ശേഷികൾ കൂടി നേടേണ്ടതുണ്ട്. ഗണന ചിന്ത മാത്രമല്ല ഗണിത ചിന്ത കൂടി വളർത്തിയാൽ മാത്രമേ ഗണിത പഠനം ഗുണവത്താവുകയുള്ളൂ.

## പരിസരപഠനം

ശിശു കേന്ദ്രീകൃതവും, പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവും അനുഭവാധിഷ്ഠിതവുമായ പഠനമാണ് ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന്റെ കാതൽ. പരിസരപഠന ക്ലാസിൽ കുട്ടികൾ അറിവ് നേടുന്നുണ്ടെങ്കിലും ലാബിന്റെയും മറ്റും അഭാവം അനുഭവാധിഷ്ഠിത പഠനത്തിന്റെ സാധ്യത പൂർണ്ണമായ രീതിയിൽ ഉപയോഗിക്കാൻ സാധിക്കുന്നില്ല. എല്ലാ നിലവാരക്കാരെയും പരിഗണിക്കാൻ സാധിക്കാറില്ല.

## കാലാ കായിക പ്രവർത്തിപരിചയ പ്രവർത്തനങ്ങൾ

കാലാ - കായിക പ്രവൃത്തിപരിചയത്തിനുള്ള ധാരാളം അവസരങ്ങൾ കുട്ടികൾക്ക് ലഭിക്കാറുണ്ട് എങ്കിലും അത് പാഠപുസ്തക സംബന്ധിയായ പ്രവർത്തനം മാത്രമായി പരിമിതമാണ്. അതിനാൽ തന്നെ നൈപുണി വികസനത്തിന് പ്രയാസം നേരിടുന്നുണ്ട്. ഓരോ വിഷയത്തിനും പ്രാവീണ്യമുള്ള റ അധ്യാപകന്റെ അധ്യാപികയുടെ മേൽനോട്ടം ഉണ്ടെങ്കിൽ മാത്രമേ ഗുണമേന്മ കൈവരിക്കാനാവൂ.

## കുട്ടികളുടെ സ്വയം പ്രതിരോധ പരിശീലനങ്ങൾ

മാറുന്ന കാലഘട്ടത്തെ അഭിമുഖീകരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന വിധം സ്വയം പ്രതിരോധ പരിശീലനങ്ങൾ ആവശ്യമാണ്.

- പഠനാന്തരീക്ഷം

മെച്ചപ്പെട്ട പഠനം ഒരുക്കുന്നതിന് സഹായകരമായ വിധത്തിൽ ക്ലാസ് മുറികൾ ഒരുക്കാൻ സാധിച്ചിട്ടുണ്ട്. ഓരോ വിഷയത്തിനും അനുയോജ്യമായ പഠനോപകരണങ്ങൾ, എല്ലാ കുട്ടികൾക്കും ഉപയോഗിക്കാവുന്ന computer, laptop എന്നിവ ഒരുക്കിയിട്ടുണ്ട്. വളരെ സൗഹാർദപരമായ അധ്യാപക -വിദ്യാർത്ഥി ബന്ധം നിലനിർത്താൻ ഈ വിദ്യാലയത്തിന് കഴിയുന്നുണ്ട്.  വ്യത്യസ്ത ജാതി മത വിഭാഗത്തിലുള്ളവർ പഠിക്കുന്നുണ്ടെങ്കിലും എല്ലാവർക്കും തുല്യ അവസരങ്ങൾ കിട്ടാറുണ്ട്. വിശാലമായ കളിസ്ഥലവും എല്ലാവർക്കും ഉപയോഗിക്കാൻ പറ്റുന്ന കളിയുപകരണങ്ങളും കുട്ടികളെ ആകർഷിക്കുന്നതാണ്.
നല്ല രീതിയിൽ സജ്ജീകരിച്ച ലൈബ്രറി ഉണ്ട്. ലാബ്, ജൈവ വൈവിധ്യ ഉദ്യാനം എന്നിവ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. 2 ക്ലാസ് റും ഹൈ ടെക് ആക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും 2 ക്ലാസ് കൂടി ഹൈ ടെക് ആക്കേണ്ടതുണ്ട്. ക്ലാസ് റൂമുകളെ സ്മാർട്ട് ആക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്യേണ്ടതുണ്ട്.

- അധ്യാപകർ

ഹെഡ്മിസ്ട്രസ്സ് ഉൾപ്പെടെ 4 അധ്യാപകർ വളരെ കൃത്യതയോടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും വിലയിരുത്തൽ നടത്തിയും കുട്ടികളുടെ സമ്പൂർണ വികാസം ഉറപ്പുവരുത്തുന്നു. ദൈനംദിന ആസൂത്രണവും സമഗ്രാസൂത്രണവും കൃത്യമായി നടത്തിയും അവ വിനിമയം ചെയ്യാൻ ആവശ്യമായ സാമാഗികൾ തയ്യാറാക്കിയും പ്രക്രിയാ ബന്ധിതമായി ക്ലാസുകൾ കൈകാര്യം ചെയ്യാൻ അധ്യാപകർക്ക് സാധിക്കാറുണ്ട്. കുട്ടികൾക്ക് സ്നേഹവും സ്വാതന്ത്ര്യവും നൽകി അക്കാദമികവും വൈകാരികവുമായ

പിന്തുണ നൽകാൻ അധ്യാപകർക്ക് സാധിക്കാറുണ്ട്. അധ്യാപക- രക്ഷാകർത്തൃ ബന്ധം ഊഷ്മളമാക്കുവാൻ ഈ വിദ്യാലയത്തിലെ അധ്യാപകർക്ക് കഴിയാറുണ്ട്.

എന്നിരുന്നാലും നൂതന സാങ്കേതിക വിദ്യ ക്രിയാത്മകമായി ഉപയോഗപ്പെടുത്തി നൂതനമായ വിലയിരുത്തൽ തന്ത്രങ്ങൾ കൂടി ക്ലാസ് മുറിയിൽ പ്രയോഗിച്ച് അധ്യാപനത്തിന്റെ ഗുണത വർദ്ധിപ്പിക്കാനുള്ള ഉദ്യമങ്ങൾ ആവശ്യമാണ്.

- ഭൗതികസാഹചര്യം

ആകെയുള്ള LP 4 ക്ലാസ് മുറികളിൽ 3 എണ്ണവും ടൈൽ പാകി ഭംഗിയായി ക്രമീകരിച്ചിരിക്കുന്നവയാണ്. ലാപ്ടോപ്, പ്രൊജക്ടർ എന്നിവ ഉപയോഗിച്ച് സജ്ജീകരിക്കാൻ സാധിക്കുന്നവയാണ്. വിശാലമായ കളിസ്ഥലവും പ്രകൃതിയോടിണങ്ങിയ ചുറ്റുപാടും വിദ്യാലയത്തിന്റെ മികവുകളാണ്. ലൈബ്രറി, ലാബ്, IT lab എന്നിവ തയ്യാറാക്കൽ പുരോഗമിക്കുന്നു. സുരക്ഷിതമായ ചുറ്റുമതിൽ, വൃത്തിയുള്ള ശുചിമുറി, റാമ്പ് , ആവശ്യമായ ബെഞ്ച്, ടെസ്ക്, ബ്ലാക്ക് ബോർഡ്, എന്നിവ ക്രമീകരിച്ചിട്ടുണ്ട്. സ്കൂൾ പരിസരത്തേ കിണറിൽ നിന്ന് സ്കൂളിലേക്കാവശ്യമായ ശുദ്ധജലം ലഭിക്കുന്നു. എം. എൽ. എ ഫണ്ടിൽ നിന്ന് ലഭിച്ച മികച്ച സൗകര്യങ്ങളുള്ള അടുക്കളയുമുണ്ട്. കുട്ടികൾക്ക് ഗതാഗത സൗകര്യം ലഭ്യമാകുന്നതിനായി സഹോദര സ്ഥാപനമായ എൻ. എസ് . എച്ച്. എസ് ന്റെ ബസ് ഉപയോഗപ്പെടുത്തുന്നു.

ക്ലാസ് മുറികൾ എല്ലാം ടൈൽ ഇട്ടതാക്കുക, മുറ്റം ടൈൽ ഇട്ട് മനോഹരമാക്കുക, എല്ലാ ക്ലാസ് മുറികളും സ്മാർട്ടാക്കുക, ക്ലാസ് ലൈബ്രറി, ഗണിത മൂല, പരിസരപഠന മൂല എന്നിവ സജ്ജമാക്കുക. ഭാഷാ പഠനത്തിനുയോജ്യമായ വിധത്തിൽ ലാംഗ്വേജ് ലാബ് ഒരുക്കുക എന്നിവ വരും കാല ലക്ഷ്യങ്ങളിൽ പ്രധാനമാണ്. വിദ്യാർത്ഥികൾക്ക് സ്വതന്ത്ര ചലനത്തിന് സാധിക്കുന്ന വിധത്തിലുള്ള ഫർണീച്ചർ,

ഭിന്നശേഷി സൗഹൃദ ഫർണീച്ചർ എന്നിവ തയ്യാറാക്കേണ്ടതുണ്ട്. ഭക്ഷണം ഇരുന്നു കഴിക്കുന്നതിന് dining hall, സ്കൂൾ ബസ് എന്നിവ സ്കൂൾ പ്രവർത്തനങ്ങൾ സൗകര്യപ്രദമാക്കാൻ സഹായിക്കും.

- സാമൂഹ്യ ഇടപെടലുകൾ

സ്കൂളിന്റെ ഉന്നമനത്തിൽ നിദാന്ത ജാഗ്രത പുലർത്തുന്ന ഒരു SMC സ്കൂളിലുണ്ട്.
പി.ടി.എ, എം.പി.ടി.എ, OSA എന്നിവ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പ്രവർത്തിച്ചു വരുന്നു. കാട്ടുകുറ്റി ഗ്രാമ പഞ്ചായത്തിന്റേയും ചാലക്കുടി ബ്ലോക് പഞ്ചായത്തിന്റെയും തൃശ്ശൂർ ജില്ല പഞ്ചായത്തിൻേറയും സഹകരണം ഈ വിദ്യാലത്തിന്റെ പുരോഗതിയിൽ കൈത്താങ്ങായി ഉണ്ട്. ചെറുവാളൂർ ഗ്രൗണ്ട് ബ്രദേഴ്സ്, നന്മ വാളൂർ , കാട്ടുകുറ്റി സർവ്വീസ് സഹകരണ ബാങ്ക് എന്നിവർ കുട്ടികൾക്ക് നൽകുന്ന പിന്തുണ പ്രശംസനീയമാണ്. പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ മറ്റ് അഭ്യുദയകാംഷികൾ എർപ്പെടുത്തിയ എന്റോവ്മെന്റ്, scholarship, മറ്റ് സഹായങ്ങൾ സ്കൂളിന്റെ പ്രവർത്തനത്തിന് ശക്തി പകരുന്നവയാണ്.
സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒട്ടനവധി കുട്ടികൾ പഠിക്കുന്ന വിദ്യാലയം ആയതുകൊണ്ടുതന്നെ കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങൾ മറ്റ് ചിലവുകൾ എന്നിവ പരിഗണിക്കേണ്ടതാണ്. ചില കുട്ടികളെയെങ്കിലും Sponser ചെയ്യാൻ സാമൂഹ്യ ഇടപെടലുകളിലൂടെ സാധിച്ചാൽ നല്ലത്. ഇവരുടെ നേതൃത്വത്തിൽ നടക്കുന്ന സന്നദ്ധതാ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സമ്മതത്തോടെ കുട്ടികൾ പങ്കെടുക്കുന്നത് സാമൂഹ്യബോധം വളർത്താൻ സഹായിക്കും.

# വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ വെല്ലുവിളികൾ

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| ഭൗതികം | ഗതാഗത സംവിധാനം | ✓ | | | സ്വന്തമായി വാഹനമില്ലനി ലവിൽ HS ലെ വണ്ടി ഉപയോഗപ്പെടു ത്തുന്നു. |
| അക്കാദമികം | Lab, library | ✓ | | | സ്ഥല പരിമിതി |
| ഭൗതികം | ക്ലാസ് മുറികളിൽ അലമാരി/ Rack | | | ✓ | സാമ്പത്തികം |

| | | | | | |
|---|---|---|---|---|---|
| ഭൗതികം | Computer repairing | | ✓ | | സാമ്പത്തികം |
| കായികം | കായിക അധ്യാപകൻ | | ✓ | | |
| ഭൗതികം | സ്മാർട് ക്ലാസ് റൂം | | ✓ | | സാമ്പത്തികം |
| ഭൗതികം | Dining hall | ✓ | | | സ്ഥലപരിമിതി |
| പഠനാന്തരീക്ഷം | ലൈബ്രറി, ലാബ് | | ✓ | | സാമ്പത്തികം |
| പാഠ്യപദ്ധതി വിനിമയം | നീന്തൽ പരിശീലനം | ✓ | | | ഭൗതിക സാഹചര്യം |
| അധ്യാപകർ | നൂതന സാങ്കേതിക വിദ്യകൾ | ✓ | | | പരിശീലനത്തിന്റെ പരിമിതി. |

ഹ്രസ്വകാല/ദീർഘകാല ലക്ഷ്യങ്ങൾ

- ☐ ഭാഷാപരിപോഷണ പരിപാടി
- ☐ ഇംഗ്ലീഷ് ഭാഷ നൈപുണി വികസന പരിപാടി

- ☐ ഗണിതാഭിരുചി വികസന പരിപാടി
- ☐ ശാസ്ത്രബോധം ഉണർത്തൽ
- ☐ ഗവേഷണാത്മക പഠനം പ്രോത്സാഹിപ്പിക്കൽ
- ☐ ലബോറട്ടറി സജ്ജമാക്കൽ - ഗണിതം, പരിസരപഠനം
- ☐ ലൈബ്രറി ഉരുക്കൽ
- ☐ വായനാശീലം വളർത്തൽ
- ☐ സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം (LSS)
- ☐ ഇംഗ്ലീഷ് ലാബ്
- ☐ IT ലാബ്
- ☐ ഭിന്നശേഷി സൗഹൃദ ക്ലാസ് റൂം ഒരുക്കൽ'
- ☐ എല്ലാ ക്ലാസ് മുറിയും Hi- Tech
- ☐ ജനാധിപത്യ രീതി ഒരുക്കൽ
- ☐ വിലയിരുത്തൽ കാര്യക്ഷമമാക്കൽ
- ☐ കലാ കായിക ചിത്രരചന പഠനം
- ☐ ക്ലാസ് പി. ടി. എ കാര്യക്ഷമമാക്കൽ
- ☐ School Wiki കാര്യക്ഷമമാക്കൻ
- ☐ School ബ്ലോഗ് കാര്യക്ഷമമാക്കൽ
- ☐ പുതിയ പാഠ്യപദ്ധതിയും പാഠപുസ്തകവുമനുസരിച്ച് പരീക്ഷണ- നിരീക്ഷണങ്ങൾക്കുള്ള കൂടുതൽ വിഭവങ്ങൾ കണ്ടെത്തണം. കൂടാതെ ശാസ്ത്രം സാമൂഹ്യ ശാസ്ത്രം എന്നിവയുമായി ബന്ധപ്പെട്ട digital library ഒരുക്കൽ.

പ്രവർത്തന കലണ്ടർ

ജൂൺ

1. റോഡ് സുരക്ഷാ ക്ലാസ്
2. ലഹരി ബോധന ക്ലാസ്
3. ശുചിത്വ ബോധന ക്ലാസ്
4. ഡിജിറ്റൽ അച്ചടക്കം - ബോധവത്കരണം
5. നിയമ ബോധവൽക്കരണം
6. ആരോഗ്യ കായിക പരിശീലനം.
7. ഇംഗ്ലീഷ് ഭാഷാ നൈപുണി വികസനം
8. മലയാളം - അക്ഷരജ്ഞാനം, അക്ഷരസ്ഫുടത ഉറപ്പിക്കൽ
9. ലാബ് സജ്ജമാക്കൽ
10. IT lab സജ്ജമാക്കൽ
11. സ്വയം പ്രതിരോധ പ്രവർത്തന ക്ലാസ് ആരംഭിക്കുന്നു.
12. ക്ലാസ് മുറി സജ്ജമാക്കൽ
13. പഠന വിഭവങ്ങൾ ശേഖരിക്കൽ
14. സമഗ്രാസൂത്രണം തയ്യാറാക്കൽ
15. പാഠാസൂത്രണം തയ്യാറാക്കൽ
16. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.
17. സ്കൂൾ വിക്കി & Blog തയ്യാറാക്കൽ
18. യോഗ പരിശീലനം
19. ക്ലബ് പ്രവർത്തനങ്ങൾ
20. വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

ജൂലായ്

1. വിഷയാധിഷ്ഠിത അക്കാദമിക മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങൾ.
2. ശാസ്ത്ര പരീക്ഷണങ്ങൾ
3. ആരോഗ്യ കായിക പ്രവർത്തനങ്ങൾ തുടർച്ച
4. IT പരിശീലനം
5. കരാട്ടേ പരിശീലനം
6. ഇംഗ്ലീഷ് നൈപുണി വികസനം തുടർച്ച
7. ചാന്ദ്രദിന പ്രവർത്തനങ്ങൾ
8. Dance
9. LSS പരിശീലനം
10. കുട്ടിയെ അറിയൽ - വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

ആഗസ്റ്റ്

1. AMP നിർവ്വഹണം
2. വ്യക്തിഗത മാസ്റ്റർ പ്ലാൻ അവലോകനം
3. ഗണിത മൂല ഒരുക്കൽ
4. പരിസരപഠന മൂല ഒരുക്കൽ
5. പിന്നോക്കാർക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ
6. Healthy kid programme
7. എല്ലാ കുട്ടികൾക്കും കണക്കുപെട്ടി ഒരുക്കൽ
8. പത്രവായന പരിപോഷണ പ്രവർത്തനങ്ങൾ
9. Schoolwiki & blog updation
10. ഭാഷാ നൈപുണി വികസന പ്രവർത്തനങ്ങൾ
11. സ്വാതന്ത്ര്യദിനാചരണം

12. യുദ്ധത്തിനെതിരെയുള്ള ബോധവത്കരണം
13. ചിത്രരചന ശില്പശാല
14. LSS പരിശീലനം
15. Zumba dance

സെപ്റ്റംബർ

1. കലാ കായിക പ്രവർത്തനങ്ങൾ
2. ചിത്രരചന പരിശീലനം
3. LSS പരിശീലനം
4. ഭാഷാ നൈപുണി വികസന പ്രവർത്തനങ്ങൾ
5. AMP നിർവ്വഹണം
6. പിന്നോക്കാർക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ
7. Zumba dance

**October**

1. LSS പരിശീലനം
2. AMP നിർവ്വഹണം തുടർച്ച
3. ഭാഷാ നൈപുണി വികസന പ്രവർത്തനങ്ങൾ തുടർച്ച
4. Schoolwiki & blog updation
5. കലാ കായിക പ്രവർത്തനങ്ങൾ
6. ഗണിത വിജയ പ്രവർത്തനങ്ങൾ
7. പിന്നോക്കാർക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ
8. Zumba dance

**November**

1. AMP നിർവ്വഹണം
2. LSS പരിശീലനം
3. ഭാഷാ നൈപുണി വികസന പ്രവർത്തനങ്ങൾ
4. വായന പരിപോഷണ പരിപാടി
5. Schoolwiki & blog updation
6. ശിശുദിനാചരണം
7. പത്രവായന പരിപോഷണ പ്രവർത്തനങ്ങൾ
8. പിന്നോക്കാർക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ
9. Zumba dance

**December**

1. AMP നിർവ്വഹണം
2. LSS പരിശീലനം
3. ഭാഷാ നൈപുണി വികസന പ്രവർത്തനങ്ങൾ
4. വായന പരിപോഷണ പരിപാടി
5. Schoolwiki & blog updation
6. ഭിന്നശേഷി ദിന പ്രവർത്തനങ്ങൾ
7. പത്രവായന പരിപോഷണ പ്രവർത്തനങ്ങൾ
8. പിന്നോക്കാർക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ
9. Zumba dance

**January**

1. AMP നിർവ്വഹണം
2. ഭാഷാ നൈപുണി വികസന പ്രവർത്തനങ്ങൾ
3. വായന പരിപോഷണ പരിപാടി

4. പത്രവായന പരിപോഷണ പ്രവർത്തനങ്ങൾ
5. പിന്നോക്കാർക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ
6. Zumba dance

**February**

1. AMP നിർവ്വഹണം
2. LSS പരിശീലനം
3. ഭാഷാ നൈപുണി വികസന പ്രവർത്തനങ്ങൾ
4. രചന പരിചയക്കുറിപ്പ് എഡിറ്റിംഗ്
5. Schoolwiki & blog updation
6. പത്രവായന പരിപോഷണ പ്രവർത്തനങ്ങൾ
7. പിന്നോക്കാർക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ
8. Zumba dance

**March**

1. AMP നിർവ്വഹണം
2. LSS പരിശീലനം
3. ഭാഷാ നൈപുണി വികസന പ്രവർത്തനങ്ങൾ
4. Schoolwiki & blog updation
5. പിന്നോക്കാർക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ
6. രചന പരിചയക്കുറിപ്പ് സമാഹാരം പ്രകാശനം
7. പഠനോത്സവം

ഉപസംഹാരം

സമാഗ്ര ഗുണമേന്മാ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനായി ഓരോ ക്ലാസിലും കുട്ടികൾ ആർജ്ജിക്കേണ്ട അറിവും ശേഷിയും അതാത് ക്ലാസിൽ തന്നെ നേടി എന്ന് ഉറപ്പുവരുത്തണം. കുട്ടികളുടെ കഴിവും പരിമി തിയും കണ്ടെത്തി ആവശ്യമായ സന്ദർഭത്തിൽ പിന്തുണ (Scaffold) നൽകി മുന്നേറാൻ പ്രാപ്തരാക്കുക എന്നതാണ് ഗുണതയിലേക്കുള്ള ആദ്യ പടവ്. കേവലം അക്കാദമികമായ മികവ് മാത്രമല്ല സാമൂഹികവും വൈകാരികവുമായ വികാസകൂടി പാഠ്യപദ്ധതി ലക്ഷ്യമിടുന്നുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നത് പൂർണ്ണമാകുന്നത് കുട്ടികളെ പ്രതിസന്ധികൾ തരണം ചെയ്യാൻ പ്രാപ്തരാക്കുന്നതിലാണ്. ഇവയെല്ലാം മുന്നിൽ കണ്ടുകൊണ്ടാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

വരുന്ന 2 വർഷത്തെ പ്രവത്തന ലക്ഷ്യമാണ് ഇതിൽ ഉൾകൊള്ളിച്ചുള്ളത്. 2025- 26 വർഷത്തെ പ്രവർത്തന പദ്ധതിയും പ്രവർത്തന കലണ്ടറും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന മികവാർന്ന പ്രവർത്തന ങ്ങളുടെ തുടർച്ചയും ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ ഈ മാറ്റങ്ങളെ ഉൾക്കൊള്ളാനും അവയെ അഭിമുഖീകരിക്കാനും ക്രിയാത്മകമായി ഇടപെടാനും കഴിയുന്ന ഒരുപറ്റം പൗരന്മാരെ സൃഷ്ടിക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിനു കഴിയും എന്ന് വിശ്വസിക്കുന്നു.